# ഹാബ് ബൈ ഉഷയിൽ നവവത്സര സമ്മാന നിർമാണം

കൊച്ചി : പുതുവത്സരം പിറക്കുമ്പോൾ ഉറ്റവർക്കും സ്നേഹിതന്മാർക്കും നൽകാനുള്ള സമ്മാനങ്ങളുണ്ടാക്കാൻ രവിപുരത്തുള്ള ഹാബ് ബൈ ഉഷയിൽ പരിശീലനം നൽകപ്പെടുന്നു. മിനി ഗാർമെന്റ് ഫോൾഡർ, കോയിൻ കെയ്സ്, കീ ഹോൾഡർ, കോഡ് കീപ്പർ, ബുക്മാർക്, ബാഗ്, ഗ്രീറ്റിങ് കാർഡുകൾ എന്നിവ നിർമിക്കാനാണ് പഠിപ്പിക്കുന്നത്.

ജനുവരി 20 വരെയുള്ള ദിവസങ്ങളിൽ ഞായറാഴ്ച ഒഴികെ രാവിലെ 9.30നും വൈകീട്ട് 7.30നും ഇടയിലുള്ള സമയത്ത് അരമണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെ നീളുന്നതാണ് പരിശീലനം. 200 രൂപ മുതൽ 850 രൂപ വരെ ഫീസ് നൽകണം. സമ്മാനങ്ങൾ നിർമിക്കാനുള്ള എല്ലാ വസ്തുക്കളും ഹാബ് ബൈ ഉഷ നൽകും.